# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2778 19.12.2012-ൽ മറുപടിയ്ക്ക്

## പെരിങ്ങോട്ടുകുറിശ്ശി മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

**ചോദ്യം** **ഉത്തരം**

ശ്രീ. എ.കെ. ബാലൻ

ശ്രീ. എ.പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പെരിങ്ങോട്ടുകുറിശ്ശി മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; എന്നത്തേക്ക് പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (എ) | പെരിങ്ങോട്ടുകുറിശ്ശി (കുഴൽമന്ദം) മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ ഹോസ്റ്റൽ, സ്കൂൾ റസ്റ്റ് ഹൗസ്, ക്യാന്റീൻ, ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ഫിനിഷിംഗ് ഘട്ടത്തിലാണ്. ഇലക്ട്രിക്കൽ ജോലി നടന്നുവരുന്നു. എഗ്രിമെന്റ് പ്രകാരം 17.01.2013 ന് പൂർത്തിയാക്കുമെന്ന് കരാർ കമ്പനി അറിയിച്ചിട്ടുണ്ട്. |
| (ബി) | കൺസൽട്ടന്റായ കിറ്റ്കോ വഴി കരാർകാരൻ സമർപ്പിക്കുന്ന ബിൽ പ്രകാരമുള്ള ചെക്ക് വകുപ്പിന്റെ റ്റി.എസ്.ബി അക്കൗണ്ടിൽ നിന്നും മാറി നൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിസമ്മതിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പണം ലഭിക്കാത്തതുമൂലം കരാർ ഏറ്റെടുത്ത കമ്പനി നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി ഉപകരണങ്ങൾ നീക്കം ചെയ്യാൻ ശ്രമിച്ചതും, നാട്ടുകാർ തടഞ്ഞതും, സംഘർഷം ഉണ്ടായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ | (ബി) | കരാർ ഏറ്റെടുത്ത കമ്പനി നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ച് ഉപകരണങ്ങൾ നീക്കം ചെയ്യാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ടുണ്ടായ പ്രശ്നങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തിക്കായി കേരളാ സ്റ്റേറ്റ് റസിഡൻഷ്യൽ എഡ്യൂക്കേഷൻ സൊസൈറ്റിയുടെ റ്റി.എസ്.ബി. അക്കൗണ്ടിൽ നിന്നും അനുവദനീയമായ തുക പിൻവലിച്ച് നൽകിയിട്ടുണ്ട്. |

(---- 2)

| | | | |
|---|---|---|---|
| | ഇക്കാര്യത്തിൽ എന്ത് തുടർ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | | |
| (സി) | കരാർ കമ്പനിക്ക് ഈ സാമ്പത്തികവർഷം ഇതുവരെ എന്ത് തുകയാണ് നൽകിയിട്ടുള്ളത്; കിറ്റ്കോ വഴി നൽകിയ എത്ര ബില്ലുകൾ ഈ സാമ്പത്തിക വർഷം സർക്കാരിന്റെ പരിഗണനയ്ക്ക് വന്നു; ഈ ബില്ലുകൾ എന്നാണ് ലഭിച്ചത്; ഇതിൽ എന്നാണ് തീരുമാനം എടുത്തത്; ഇത് പ്രകാരമുള്ള തുകകൾ എന്നാണ് നൽകിയത്; | (സി) & (ഡി) | ഈ സാമ്പത്തിക വർഷം കരാർ കമ്പനിക്ക് 2,21,58,664/-രൂപ (പാർട്ട് ബിൽ III-79,46,164/-രൂപ, പാർട്ട് ബിൽ IV-1,42,12,500/-രൂപ) നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം മൂന്ന് ബില്ലുകൾ സർക്കാരിന്റെ പരിഗണനയ്ക്ക് വന്നിട്ടുണ്ട്. 92,15,760/- രൂപയുടെയും 1,64,74,569/- രൂപയുടെയും രണ്ട് ബില്ലുകൾ യഥാക്രമം 22/3/2012, 5/9/2012 എന്നീ തീയതികളിൽ സർക്കാരിൽ ലഭിക്കുകയും ആയതിൻമേൽ 11/6/2012 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 5774/2012/ധന, 11/10/2012 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 8781/2012/ധന പ്രകാരവും letter of credit അനുവദിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. 17/12/2012 ൽ 24,11,886/-രൂപയുടെ ഒരു letter of credit പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചു വരികയാണ്. |
| (ഡി) | തീരുമാനം എടുത്തില്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ? | | |

Salini K.J

**സെക്ഷൻ ഓഫീസർ**